## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 854 — 29..09..2016 -ൽ മറുപടിയ്ക്ക്

# അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് സ്ഥലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | അയിരൂർ ഐ.എച്ച്.ആർ.ഡി. യുടെ ടെക്നിക്കൽ ഹൈസ്കൂൾ നിർത്തലാക്കിയതിന് പകരമായി ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അനുവദിച്ചത് എന്നാണ്; ഏതൊക്കെ കോഴ്സു കളാണ് ഇവിടുള്ളത്; | (എ) | ടെക്നിക്കൽ ഹൈസ്കൂൾ, അയിരൂരിനെ അപ്ലൈഡ് സയൻസ് കോളേജാക്കി അപ്ഗ്രേഡ് ചെയ്തത് 17-07-2013-ലെ G.O. (Ms) No.505/2013/H.Edn. പ്രകാരമാണ്. പ്രസ്തുത ഉത്തരവു പ്രകാരം താഴെപ്പറയുന്ന കോഴ്സുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്.<br>(1) B.Sc. Computer Science<br>(2) B.A. English Language & Literature Model II (Vocational: Journalism)<br>(3) B.C.A. |
| (ബി) | ടെക്നിക്കൽ ഹൈസ്കൂളിന് അനുവദിച്ചിരുന്നതിൽ എത്ര ഭൂമി യാണ് കോളേജിന് കെട്ടിടം പണിയാനായി ഉള്ളത്; ഇതു കൂടാതെ പി.ഐ.പി യുടെ എത്ര ഭൂമി ഏറ്റെടുക്കുന്നതിനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്; | (ബി) | ടെക്നിക്കൽ ഹൈസ്കൂളിന് 76 സെന്റ് ഭൂമി നിലവിലുണ്ട്. ഇതു കൂടാതെ 20.24 ആർസ് ഭൂമി PIP യിൽ നിന്നും ഏറ്റെടുക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ ഭൂമിക്ക് വിലയായി എത്ര രൂപ അടയ്ക്കണമെന്നാണ് റവന്യൂ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്; ഈ തുക ഐ.എച്ച്.ആർ.ഡി. അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഭൂമിയിടെ വിലയായി 4,04,800 രൂപ അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ.എച്ച്.ആർ.ഡി. -യുടെ നിലവിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പ്രസ്തുത തുക അടയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |
| (ഡി) | തുകയടയ്ക്കുന്നതിന് ഐ.എച്ച്.ആർ.ഡി., സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ എവിടെയാണുള്ളത്; ഇത് സംബന്ധിച്ച് എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്; | (ഡി) & (ഇ) | തുക ലഭ്യമാക്കുന്നതിലേയ്ക്കായി ഐ.എച്ച്.ആർ.ഡി. നൽകിയ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. |
| (ഇ) | ഐ.എച്ച്.ആർ.ഡി.-യ്ക്ക് പണമില്ലാത്തതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ